# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4986 27/10/2016-ൽ മറുപടിയ്ക്ക്**

**<u>ഓലക്കീൽക്കടവ് പാലം</u>**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദവുമായ ഓലക്കീൽക്കടവ് പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) യും ബി) യും | കണ്ണൂർ ജില്ലയിലെ രാമന്തളി ഗ്രാമ പഞ്ചായത്തിലെ ഓലക്കീൽ കടവിൽ പാലം പണിയുന്നതിന്റെ ഭാഗമായി പ്രാഥമികപഠനം നടത്തുന്നതിനായി 10 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിയ്ക്ക് നബാർഡിൽ നിന്നും ഔപചാരിക അനുമതി ലഭ്യമാകാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് ആർ.ഐ.ഡി.എഫ് ശീർഷകത്തിൽ വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ടി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി ഉചിതമായ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | ഗ്രാമപഞ്ചായത്തുകളിലെ തീരദേശ വികസനത്തിന് അത്യാവശ്യമായ പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ആഫീസർ**